"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - WP(C) നമ്പർ 7844/ 2023 (എസ്) ലെ കേരള ഹൈക്കോടതിയുടെ നിർദ്ദേശം - ഖരമാലിന്യ പരിപാലന ചട്ടം 2016 പാലിക്കുന്നതിന് വിവിധ വകുപ്പുകൾ നിർവ്വഹിക്കേണ്ട ചുമതലകൾ - സംബന്ധിച്ച്

---

**തദ്ദേശസ്വയംഭരണ (ഡബ്ല്യു.എം) വകുപ്പ്**

സ.ഉ.(സാധാ) നം.1081/2023/LSGD തീയതി,തിരുവനന്തപുരം, 22-05-2023

---

പരാമർശം:-
1. പരിസ്ഥിതി ചട്ടം, ആക്ട് 29, 1986, വകുപ്പ് 17.
2. ദുരന്ത നിവാരണ നയം, 2005, വകുപ്പ് 55 , 56 , 57
3. ഖര മാലിന്യ പരിപാലന ചട്ടം, 2016
4. 8/03/2023, 10/3/2023, 13/03/2023 തീയതികളിലെ WP(C) നമ്പർ 7844/2023(S) ലെ കേരള ഹൈക്കോടതിയുടെ നിർദ്ദേശങ്ങൾ.

**ഉത്തരവ്**

ഖരമാലിന്യ പരിപാലന ചട്ടം 2016-ഉം, പ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റ് ചട്ടം 2016-ഉം കർശനമായി പാലിക്കണമെന്നും, പരാമർശം (1), (2) എന്നിവ പ്രകാരമുള്ള ശിക്ഷാനടപടികൾ സ്വീകരിക്കണമെന്നും ബഹു.കേരള ഹൈക്കോടതി പരാമർശം (4) പ്രകാരം നിർദ്ദേശിച്ചിരുന്നു. 1986-ലെ പരിസ്ഥിതി (പരിപാലന) ആക്ടിലെ വ്യവസ്ഥകൾ പാലിക്കപ്പെട്ടില്ലെങ്കിൽ പ്രസ്തുത ആക്ടിലെ സെക്ഷൻ 17 പ്രകാരം സർക്കാർവകുപ്പുകൾക്കെതിരെ ശിക്ഷാ നടപടി സ്വീകരിക്കാവുന്നതാണ്.

(2) ഖരമാലിന്യ പരിപാലന ചട്ടം 2016 (SWM Rules 2016) പ്രകാരം, എല്ലാ വകുപ്പുകളും അവരുടെ പ്രവർത്തനഫലമായി ഉൽപാദിപ്പിക്കപ്പെടുന്ന മാലിന്യങ്ങൾ ഫലപ്രദമായി കൈകാര്യം ചെയ്യുകയും സംസ്കരിക്കുകയും ചെയ്യേണ്ടതാണ്. എന്നാൽ, വിവിധ വകുപ്പുകൾ ടി ചട്ടം കാര്യക്ഷമമായി നടപ്പാക്കുന്നില്ലെന്ന് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയതിനാൽ, 2016-ലെ ഖരമാലിന്യ പരിപാലന ചട്ടങ്ങൾ കർശനമായി പാലിക്കുന്നുണ്ടെന്ന് ഉറപ്പാക്കാൻ എല്ലാ വകുപ്പുകളുടെയും പ്രിൻസിപ്പൽ സെക്രട്ടറിമാരും വകുപ്പ് മേധാവികളും ആവശ്യമായ നടപടി സ്വീകരിക്കേണ്ടതുണ്ട്.

(3) 2016-ലെ ഖരമാലിന്യ പരിപാലന ചട്ടങ്ങളുടെ അടിസ്ഥാനത്തിൽ വകുപ്പ് നടത്തിയ ഇടപെടലുകൾ റിപ്പോർട്ട് ചെയ്യുന്നതിനായി ഓരോ വകുപ്പിലും ഒരു നോഡൽ ഓഫീസറെ നിയമിക്കേണ്ടതാണ്. നോഡൽ ഓഫീസർക്ക് മാലിന്യസംസ്കരണ മേഖലയിൽ മതിയായ അറിവും പരിചയവും ഉണ്ടായിരിക്കണം. നോഡൽ ഓഫീസറെ സംബന്ധിച്ച വിശദാംശങ്ങൾ ഈ ഉത്തരവ് തീയതി മുതൽ 1 5 ദിവസത്തിനകം തദ്ദേശസ്വയംഭരണവകുപ്പിനെ അറിയിക്കേണ്ടതാണ്. വളരെ പ്രാധാന്യമുള്ള വിഷയമായതിനാൽ എല്ലാ വകുപ്പുകളും ഈ ഉത്തരവ് പാലിക്കുകയും, 2016-ലെ ഖരമാലിന്യ പരിപാലന ചട്ടം ഫലപ്രദമായി നടപ്പിലാക്കുന്നതിനായി പ്രവർത്തിക്കുകയും ചെയ്യേണ്ടതാണ്.

(4) ഫലപ്രദമായ മാലിന്യസംസ്കരണ രീതികൾക്കായി ഓരോ വകുപ്പിന്റെയും ഉത്തരവാദിത്തം

ചുവടെ ചേർക്കുന്നു.

<u>**പൊതുശുചിത്വവും മാലിന്യമുക്ത കേരളവും ഓരോ വകുപ്പും നിർവ്വഹിക്കേണ്ട ചുമതലകൾ**</u>

2024 മാർച്ച് 31-ന് മുമ്പ് കേരളത്തെ മാലിന്യമുക്തമായി പ്രഖ്യാപിക്കാൻ കഴിയണമെന്നാണ് ബഹു. ഹൈക്കോടതി നിർദ്ദേശിച്ചിരിക്കുന്നത്. കേരളത്തെ മാലിന്യമുക്തമാക്കുന്നതിൽ എല്ലാ വകുപ്പുകൾക്കും ചുമതല നിർവ്വഹിക്കാനുണ്ട്. ഇത് സംബന്ധിച്ചാണ് തുടർന്ന് പ്രതിപാദിച്ചിട്ടുള്ളത്.

## 1.ആഭ്യന്തര വകുപ്പ്

- സർക്കാർ നിയോഗിച്ചിട്ടുള്ള എൻഫോഴ്സ്മെന്റ് ടീമിനൊപ്പം നിർബന്ധമായും പോലീസ് ഓഫീസറെ നിയോഗിച്ചിട്ടുണ്ടെന്ന് ഉറപ്പാക്കണം
- പൊതുനിരത്തിലേയ്ക്ക് മാലിന്യം വലിച്ചെറിയുക, ജലാശയങ്ങളിൽ മാലിന്യം തള്ളുക, നിയമാനുസൃതം മാലിന്യം കടത്താൻ അംഗീകാരമില്ലാത്ത വാഹനങ്ങളിൽ മാലിന്യം കടത്തുക, സ്ഥാപനങ്ങളുടെയും വ്യാപാരസ്ഥാപനങ്ങളുടെയും ചുറ്റം മാലിന്യം, പാഴ്വസ്തുക്കൾ എന്നിവ അലക്ഷ്യമായി വലിച്ചെറിഞ്ഞ് വൃത്തികേടാക്കുന്നവർക്ക് എതിരെ ഐ.പി.സി, കേരളാ പോലീസ് ആക്ട്, പരിസ്ഥിതി നിയമം തുടങ്ങിയ നിയമങ്ങൾ പ്രകാരം കേസെടുക്കുക.
- ജനമൈത്രി പോലീസിന്റെ നേതൃത്വത്തിൽ വ്യാപകമായി ശാസ്ത്രീയ മാലിന്യസംസ്കരണത്തെക്കുറിച്ച് ബോധവൽക്കരണ കാമ്പയിൻ സംഘടിപ്പിക്കുക
- പോലീസ് വകുപ്പിന്റെ നവമാധ്യമം വഴിയുള്ള ബഹുജന വിദ്യാഭ്യാസപരിപാടിയിൽ മാലിന്യസംസ്കരണത്തിനുള്ള പ്രാധാന്യം നൽകൽ
- സ്റ്റുഡന്റ് പോലീസ് കേഡറ്റും, ജനമൈത്രി പോലീസും തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുമായി ചേർന്ന് സ്ഥാപനങ്ങൾ, പൊതുസ്ഥലങ്ങൾ ഇവ വൃത്തിയായി സൂക്ഷിക്കണം. മാലിന്യം വലിച്ചെറിയുന്നവർക്കെതിരെയും ശക്തമായ പ്രചാരണം സംഘടിപ്പിക്കണം.
- കേസുകളുടെ ഭാഗമായി പിടിച്ചെടുത്തിട്ടുള്ള തൊണ്ടിസാധനങ്ങൾ പോലീസ് സ്റ്റേഷനുകളുടെ വൃത്തിയെ ബാധിക്കുന്നുണ്ട്. കേസ് കഴിഞ്ഞവ അടിയന്തരമായി കൈയൊഴിയണം. കേസ് കഴിയാത്തവ സുരക്ഷിതമായും സ്ഥാപനത്തിന്റെ പൊതുവായ വൃത്തിയെ ബാധിക്കാത്ത രീതിയിലും സൂക്ഷിക്കുന്നതിനുള്ള ക്രമീകരണം ചെയ്യണം.
- പ്രത്യേക (സ്പെഷ്യൽ) സ്ക്വാഡ് ഇത്തരം പ്രവർത്തനങ്ങൾക്കായി രൂപീകരിക്കാവുന്നതാണ്.

## 2.പൊതുമരാമത്ത് വകുപ്പ്

- പൊതുമരാമത്ത് വകുപ്പിന്റെ പ്രോജക്ടുകളുടെ ഭാഗമായി ഉണ്ടാകുന്ന നിർമ്മാണ പ്രവൃത്തികളുടെ പാഴ്വസ്തുക്കൾ ശാസ്ത്രീയമായ രീതിയിൽ കൈകാര്യം ചെയ്യുമെന്ന് ഉറപ്പാക്കൽ. ബന്ധപ്പെട്ട ഏജൻസി/കോൺട്രാക്ടർ ഇക്കാര്യം ചെയ്തു എന്നും ഉറപ്പാക്കണം.

- സി & ഡി മാലിന്യങ്ങൾക്കായി ശരിയായ മാലിന്യസംസ്കരണ സംവിധാനം കൊണ്ടുവരിക.

- എല്ലാ പൊതുകെട്ടിടങ്ങളിലും സ്ഥാപനങ്ങളിലും ശരിയായ മാലിന്യസംസ്കരണസംവിധാനം ഉണ്ടെന്ന് ഉറപ്പാക്കുക.

- പൊതുമരാമത്ത് വകുപ്പിന്റെ നിയന്ത്രണത്തിൽ വരുന്ന റോഡുകളുടെ വശങ്ങൾ, പൊതുമരാമത്ത് വകുപ്പിന്റെ പക്കലുള്ള സ്ഥലങ്ങൾ, ടേക്ക് എ ബ്രേക്ക് എന്നിവയിൽ ഉണ്ടാകുന്ന മാലിന്യങ്ങൾ, മാലിന്യസംസ്കരണസംവിധാനങ്ങൾക്ക് നൽകാൻ കഴിയുന്നവ നൽകേണ്ടതാണ്.

- പൊതുവഴികളിലെ ഡ്രെയിനേജ് പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കണം.

- പൊതുവഴികളിലെ ഡ്രെയിനേജ് പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കണം.

- റോഡ് പണി കഴിഞ്ഞ് ബാക്കി വരുന്ന നിർമ്മാണ സാമഗ്രികളും മറ്റും ഉടൻ മാറ്റണം, ഇത് കൊതുകുകളുടെ എണ്ണം പെരുകാൻ ഇടയാക്കാം.

- വെള്ളക്കെട്ടുള്ള റോഡുകളുടെ ശരിയായ അറ്റകുറ്റപ്പണി മഴക്കാലത്തിന് മുമ്പ് തീരുമെന്ന് ഉറപ്പുവരുത്തണം.

### 3. ആരോഗ്യവകുപ്പ്

- മുഴുവൻ ആരോഗ്യ കേന്ദ്രങ്ങളിലും മെഡിക്കൽ മാലിന്യം സംസ്കരിക്കാൻ നിയമാനുസൃതമായ സംവിധാനം ഉണ്ടെന്ന് ഉറപ്പാക്കൽ.

- എല്ലാ ആരോഗ്യ കേന്ദ്രങ്ങളിലും ഉണ്ടാകുന്ന ജൈവമാലിന്യവും മറ്റ് അജൈവമാലിന്യങ്ങളും സംസ്കരിക്കാൻ ശാസ്ത്രീയസംവിധാനം ഉണ്ടെന്ന് ഉറപ്പാക്കുക.

- ആരോഗ്യ കേന്ദ്രങ്ങളുടെ പൊതുശുചിത്വം പാലിക്കപ്പെടുന്നുവെന്ന് ഉറപ്പ് വരുത്തേണ്ടതും , ആശുപത്രി പരിസരം ആകർഷകമാക്കുകയും ചെയ്യണം.

- HI, JHI, JPHN, ആശ തുടങ്ങി ഫീൽഡിൽ പ്രവർത്തിക്കുന്ന ഉദ്യോഗസ്ഥർ അവർക്ക് ചുമതലയുള്ള വീടുകൾ/ സ്ഥാപനങ്ങളിലും സർക്കാർ നിർദ്ദേശിച്ച രീതിയിലുള്ള ശുചിത്വ-മാലിന്യസംസ്കരണസംവിധാനം ഉണ്ടോ എന്ന് പരിശോധിക്കുകയും സംവിധാനങ്ങളില്ലാത്ത വീടുകളുടെ/സ്ഥാപനങ്ങളുടെ കൃത്യമായ വിശദവിവരങ്ങളടങ്ങിയ റിപ്പോർട്ട് ബന്ധപ്പെട്ട തദ്ദേശഭരണസ്ഥാപനത്തിന് രേഖാമൂലം നൽകേണ്ടതുമാണ്.

- ഓരോ സ്വകാര്യആശുപത്രി/ക്ലിനിക്കുകളിലും ഉൽപ്പാദിപ്പിക്കുന്ന മെഡിക്കൽ മാലിന്യത്തിന് ശരിയായ മാലിന്യസംസ്കരണസംവിധാനം അവിടെ ഉണ്ടെന്ന് ഉറപ്പാക്കുക.

- ശരിയായ മാലിന്യസംസ്കരണസംവിധാനം നിലവിലില്ലാത്ത ആശുപത്രികൾക്കെതിരെ നിയമനടപടികൾ സ്വീകരിക്കണം.

- ആശാ പ്രവർത്തകരുടെയും HI, JHI, JPHN, -മാരുടെയും നേതൃത്വത്തിൽ ശരിയായ മാലിന്യസംസ്കരണത്തിന്റെ അനിവാര്യത, പകർച്ചവ്യാധി പ്രതിരോധം എന്നിവ സംബന്ധിച്ച് പൊതുജനങ്ങളെ ബോധവൽക്കരിക്കുക.

- ആയുർവേദത്തിലെയും ഹോമിയോ വിഭാഗത്തിലെയും വിവിധ മാലിന്യങ്ങൾ അതിന്റെ സ്വഭാവനുസരണം തരംതിരിച്ച് ശാസ്ത്രീയമായി സംസ്കരിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തണം.

- പാക്കിങ്ങിന് ഉപയോഗിക്കുന്ന മെറ്റീരിയലുകളും പ്ലാസ്റ്റിക് കുപ്പികളും ശേഖരിച്ച് പുന:ചംക്രമണത്തിനായി കൈമാറണം.

- പാലിയേറ്റീവ് യൂണിറ്റുകളുടെ പ്രവർത്തനഫലമായി ഉണ്ടാകുന്ന ഗാർഹിക മെഡിക്കൽ മാലിന്യം പ്രസ്തുത യൂണിറ്റുകൾ വഴി ശേഖരിച്ച് ആരോഗ്യ കേന്ദ്രത്തിന്റെ മെഡിക്കൽ മാലിന്യത്തിനൊപ്പം കൈമാറേണ്ടതാണ്.

### 4. ഫിഷറീസ് വകുപ്പ്

- തീരദേശ മത്സ്യഗ്രാമങ്ങളിൽ ശുചിത്വ-മാലിന്യസംസ്കരണസംവിധാനം ഉണ്ടെന്ന് ഉറപ്പാക്കണം. ഇല്ലെങ്കിൽ ബന്ധപ്പെട്ട തദ്ദേശസ്വയംഭരണസ്ഥാപനത്തെ കൊണ്ട് അവ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കണം.

- തീരപ്രദേശങ്ങളിൽ മാലിന്യം തള്ളുന്നത് പരിശോധിച്ച് അതിനെതിരെ കൃത്യമായ നടപടി സ്വീകരിക്കണം.

- ശുചിത്വ സാഗരം പദ്ധതിയുടെ ഭാഗമായി കടലിലെയും തീരപ്രദേശത്തെയും മാലിന്യം കൃത്യമായി ശേഖരിക്കുന്നുണ്ടെന്ന് ഉറപ്പ വരുത്തണം.

- തീരദേശത്തെ എല്ലാ വീടുകളിലും സ്ഥാപനങ്ങളിലും ശരിയായ ഡ്രൈയിനേജ് സംവിധാനം ഉറപ്പാക്കണം.

- എല്ലാ മത്സ്യമാർക്കറ്റുകളിലും ശരിയായ മാലിന്യസംസ്കരണ സൗകര്യം ഉറപ്പാക്കണം.

## 5. എക്സൈസ് വകുപ്പ്

- മദ്യവിപണന കേന്ദ്രങ്ങളിൽ ഉണ്ടാകുന്ന മാലിന്യങ്ങൾ കൃത്യമായി സമാഹരിക്കാനും സംസ്കരിക്കാനും സംവിധാനം ഉണ്ടെന്ന് ഉറപ്പാക്കണം.

- ബാറുകളിൽ ജൈവമാലിന്യവും അജൈവമാലിന്യവും കൃത്യമായി സംസ്കരിക്കുന്നുണ്ടെന്ന് ഉറപ്പ വരുത്തണം. ഇല്ലെങ്കിൽ നടപടി സ്വീകരിക്കണം.

- മദ്യകുപ്പികൾ ഉപയോഗശേഷം ശാസ്ത്രീയമായി പരിപാലനം ചെയ്യുന്നതിനായി, ഉപയോക്താക്കളിൽ നിന്ന് ശേഖരിക്കാനുള്ള ആശയത്തെ കുറിച്ച് ചിന്തിക്കാവുന്നതാണ്.

- എക്സൈസ് പിടിച്ചെടുക്കുന്നതിന്റെ തുടർച്ചയായി ഉണ്ടാകുന്ന പാഴ്വസ്തുക്കൾ തരംതിരിച്ച് ശരിയായ രീതിയിൽ നിർമ്മാർജനം ചെയ്യണം.

## 6. ടൂറിസം വകുപ്പ്

- എല്ലാ വിനോദസഞ്ചാര കേന്ദ്രങ്ങളിലും take a break പൊതു ശുചിമുറി സൗകര്യം ഉറപ്പാക്കണം.

- റിസോർട്ടുകൾ, ഹോംസ്റ്റേകൾ, ഹോട്ടലുകൾ എന്നിവിടങ്ങളിൽ ഗ്രീൻ പ്രോട്ടോകോൾ പാലിക്കുമെന്ന് ഉറപ്പാക്കണം.

- വിനോദസഞ്ചാര കേന്ദ്രങ്ങളിലും, അവിടത്തെ ഹോട്ടലുകളിലും കൃത്യമായി ജൈവ-അജൈവമാലിന്യങ്ങൾ തരംതിരിച്ച് ശാസ്ത്രീയമായി സംസ്കരിക്കുന്നുണ്ടെന്ന് ഉറപ്പവരുത്തണം.

- ഹൗസ് ബോട്ടുകളിലെ കക്കൂസ് മാലിന്യം സംസ്കരിക്കുന്നതിനുള്ള S T P സംവിധാനം ഉറപ്പവരുത്തണം.

- ഡി.ടി.പി.സി-യുടെ നേതൃത്വത്തിൽ നടക്കുന്ന ടൂറിസം ഡെസ്റ്റിനേഷനുകളിൽ ഒറ്റപ്രാവശ്യം ഉപയോഗിക്കുന്ന പ്ലാസ്റ്റിക് ഉല്പന്നങ്ങൾക്ക് കർശനമായി നിരോധനം നടപ്പിലാക്കണം.

- ടൂറിസം ഡെസ്റ്റിനേഷനുകളിൽ ഉണ്ടാകാവുന്ന അജൈവ-ജൈവമാലിന്യങ്ങൾ കൃത്യമായി

ശേഖരിക്കാനും സംസ്കരിക്കാനുമുള്ള സംവിധാനം ഉണ്ടെന്ന് ഉറപ്പാക്കണം.

- സ്വിമ്മിങ് പൂളുകൾ കൃത്യമായ ഇടവേളകളിൽ വൃത്തിയാക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തണം.
- ടൂർ ഓപ്പറേറ്റർമാർക്ക് മാലിന്യസംസ്കരണത്തിൽ പാലിക്കേണ്ട നിയമപരമായ കാര്യങ്ങൾ സംബന്ധിച്ച് അറിവ് ഉണ്ടാക്കിക്കൊടുക്കാൻ നടപടി സ്വീകരിക്കണം.
- ടൂറിസ്റ്റ് ബസ്സുകൾ/ വാഹനങ്ങളിൽ മാലിന്യം തരംതിരിച്ച് നിക്ഷേപിക്കാനുള്ള ബിന്നുകൾ ഉറപ്പാക്കാനും വലിച്ചെറിയാതിരിക്കാനുമുള്ള കർശനനിർദ്ദേശം നൽകാൻ ക്രമീകരണം ഉണ്ടാക്കണം.
- ഹോട്ടലുകൾ ഗ്രീൻ സർട്ടിഫിക്കേഷൻ കർശനമാക്കുന്നതിനുള്ള നടപടി.
- വിനോദസഞ്ചാര കേന്ദ്രങ്ങളിൽ എത്തിച്ചേരുന്ന സംഘങ്ങൾക്ക് ഡിസ്പോസിബിൾ വസ്തുക്കൾ ഉപയോഗിക്കാതെ ഭക്ഷണം കഴിക്കാനുള്ള സൗകര്യങ്ങൾ, യാത്രയിലുണ്ടാകുന്ന മാലിന്യം ശേഖരിക്കാനും സംസ്കരിക്കാനുമുള്ള സൗകര്യം ലഭ്യമാക്കാൻ നടപടി സ്വീകരിക്കണം.

## 7. ദേവസ്വം ബോർഡ്

- ആരാധനാലയങ്ങളിൽ ഗ്രീൻ പ്രോട്ടോകോൾ പാലിക്കാൻ നടപടി സ്വീകരിക്കണം.
- ഉണ്ടാകുന്ന മാലിന്യത്തിന്റെ സ്വഭാവത്തിനനുസരിച്ച് കൃത്യമായ മാലിന്യസംസ്കരണസംവിധാനം ഉറപ്പുവരുത്തണം. എണ്ണക്കുപ്പികൾ, പൂവ്, ചന്ദനത്തിരി പാക്കറ്റ്, മെഴുക് പോലുള്ളവ-തരംതിരിച്ച് സമാഹരിക്കുന്നതിനും സംസ്കരിക്കുന്നതിനും സംവിധാനം ഉണ്ടാക്കണം.
- ശുചിമുറി സൗകര്യവും സെപ്റ്റേജ് സംവിധാനവും എല്ലാ ആരാധനാലയങ്ങളിലും ഉറപ്പ് വരുത്തണം
- ഭക്തരിൽ മാലിന്യസംസ്കരണ അവബോധം വളർത്താനുള്ള പ്രവർത്തനം ആരാധനാലയങ്ങളിൽ ഉണ്ടാക്കണം.

## 8. ഫോറസ്റ്റ് വകുപ്പ്

- വനപ്രദേശത്ത് മാലിന്യം നിക്ഷേപിക്കുന്ന സ്ഥലങ്ങളുണ്ട്. അത്തരം സ്ഥലങ്ങളിൽ ആവശ്യമായ നിരീക്ഷണ ക്രമീകരണം ഉണ്ടാക്കണം.
- ഇത് കണ്ടെത്താനായി സ്ക്വാഡ് രൂപീകരിക്കണം.
- വനപ്രദേശത്തെ അജൈവമാലിന്യ നിക്ഷേപങ്ങൾ കണ്ടെത്തി നീക്കം ചെയ്യാൻ നടപടി സ്വീകരിക്കണം.
- വനപ്രദേശങ്ങളുടെ സമീപവാസികളെ, വനപ്രദേശങ്ങളിലേക്ക് മാലിന്യം തള്ളുന്നവരെ കണ്ടെത്തുന്ന പ്രവർത്തനത്തിൽ പങ്കാളിയാക്കണം.
- വനപ്രദേശത്ത് മാലിന്യം തള്ളുന്നവർക്കെതിരെ നിയമ നടപടി സ്വീകരിക്കണം.

## 9. വനിതാ ശിശു വികസന വകുപ്പ്

- അങ്കണവാടികളിൽ ടോയ്‌ലറ്റ് സൗകര്യം ഉണ്ടെന്ന് ഉറപ്പുവരുത്തുക.

- അങ്കണവാടികളിൽ നിന്നുള്ള പാൽ പാക്കറ്റ് മുതലായ അജൈവമാലിന്യങ്ങൾ തരംതിരിച്ച് ഹരിതകർമ്മസേനക്ക് നൽകുമെന്ന് ഉറപ്പാക്കണം.

- വനിതാ അഭയകേന്ദ്രങ്ങളിൽ കൃത്യമായ ടോയ്‌ലറ്റ് സൗകര്യവും മാലിന്യസംസ്കരണസംവിധാനവും ഉറപ്പാക്കണം.

- അംഗനവാടികളിൽ കളികൾ, പാട്ടുകൾ, പ്രവർത്തനങ്ങൾ വഴി കുട്ടികളിൽ ശരിയായ മാലിന്യപരിപാലന രീതി പരിശീലിപ്പിക്കണം.

- കൗമാരക്ലബ്ബുകളിൽ ശാസ്ത്രീയമാലിന്യസംസ്കരണരീതി പരിശീലിപ്പിക്കണം.

- മെൻസ്ട്രുവൽ കപ്പ്/ പുനരുപയോഗ സാനിട്ടറി നാപ്കിൻ എന്നിവ സംബന്ധിച്ച് കൗമാര ക്ലബ്ബിൽ ബോധവൽക്കരണം.

## 10. ഫയർ ആൻഡ് സേഫ്റ്റി വകുപ്പ്

- മാലിന്യസംസ്കരണവുമായി ബന്ധപ്പെട്ട സ്ഥലങ്ങളിൽ ഫയർ ഓഡിറ്റ് സമയബന്ധിതമായി നടത്തുക.

- സ്ക്രാപ്പ് ഷോപ്പുകൾ, മാലിന്യസംഭരണ, സംസ്കരണ, പുന:ചംക്രമണ കേന്ദ്രങ്ങളിൽ അഗ്നിസുരക്ഷാ സംവിധാനങ്ങൾ ഉണ്ടെന്ന് ഉറപ്പാക്കുക.

- പൊതുയിടങ്ങളിൽ മാലിന്യം തള്ളുന്നതിനെതിരെ അഗ്നി സുരക്ഷയുടെ പേരിൽ നിയമ നടപടി സ്വീകരിക്കുക.

- അപകടകരമായ മാലിന്യങ്ങൾ പൊതുസ്ഥലങ്ങളിൽ നിക്ഷേപിക്കുന്നതിലെ അപകട സാധ്യതയെ കുറിച്ച് ഫയർഫോഴ്സിന്റെ നേതൃത്വത്തിൽ ബോധവൽകരണം നടത്തുക.

- നിലവിലുള്ള മാലിന്യ ഡമ്പ് സൈറ്റുകളിൽ അഗ്നിസുരക്ഷാ ക്രമീകരണങ്ങൾ ഉണ്ടെന്ന് ഉറപ്പാക്കുക.

## 11. മൃഗസംരക്ഷണ വകുപ്പ്

- മൃഗാശുപത്രികൾ, ഐ.സി.ഡി.പി സെന്ററുകൾ തുടങ്ങി മൃഗസംരക്ഷണ കേന്ദ്രങ്ങളിലെ മെഡിക്കൽ മാലിന്യം ശാസ്ത്രീയ സംസ്കരണത്തിന് കൈമാറുന്നതിന് ക്രമീകരണം ഉണ്ടാക്കുക.

- സർക്കാർ ഫാമിലെ ജൈവമാലിന്യങ്ങളും, അജൈവമാലിന്യങ്ങളും തരംതിരിച്ച് ശേഖരിക്കാനും സംസ്കരിക്കാനുള്ള സംവിധാനം ഉറപ്പാക്കുക.

- സ്വകാര്യ ഡയറി ഫാമുകൾ, കോഴി ഫാമുകൾ, മറ്റു ഫാമുകൾ തുടങ്ങിയ സംരംഭകർക്ക് ശാസ്ത്രീയ മാലിന്യസംസ്കരണസംവിധാനം ഉണ്ടെന്ന് ഉറപ്പാക്കുക. ഇതിന് ആവശ്യമായ മാർഗ്ഗ നിർദ്ദേശങ്ങളും പരിശീലനങ്ങളും നൽകുക.

## 12. പൊതുവിദ്യാഭ്യാസ വകുപ്പ്

- ജൈവമാലിന്യം സ്കൂളിൽ തന്നെ സംസ്കരിച്ച് ക്യാമ്പസ് കൃഷിക്കും പൂന്തോട്ട നിർമ്മാണത്തിനും

ഉപയോഗിക്കുക.

- പെൺകുട്ടികൾ ഉള്ള എല്ലാ സ്കൂളുകളിലും napkin vending machine നിർബന്ധമാക്കണം. അവ സംസ്കരിക്കാനുള്ള സംവിധാനവും ഉറപ്പ് വരുത്തണം.

- എല്ലാ സ്കൂളുകളിലും ശാസ്ത്രീയ മാലിന്യസംസ്കരണസംവിധാനം ഉറപ്പ് വരുത്തണം. സ്കൂളുകൾ സീറോ വേസ്റ്റ് ക്യാമ്പസ്സാക്കി ജൂൺ 5-ന് പ്രഖ്യാപിക്കണം.

- അജൈവമാലിന്യം തരംതിരിച്ച് സംഭരിക്കാൻ മിനി എം.സി.എഫ് സ്കൂളുകളിൽ സ്ഥാപിക്കാൻ നടപടി സ്വീകരിക്കുക. ക്ലാസ്സുകളിലും ഓരോ ബിൽഡിംഗിലും അജൈവമാലിന്യങ്ങൾ തരംതിരിച്ച് നിക്ഷേപിക്കാനുള്ള ബിന്നുകൾ സ്ഥാപിക്കുക.

- കുട്ടികളിൽ മാലിന്യസംസ്കരണത്തിനെ കുറിച്ച് അവബോധം സൃഷ്ടിക്കാൻ നടപടി സ്വീകരിക്കുക.

- സ്കൂളിൽ ഉണ്ടാകുന്ന ജൈവമാലിന്യം ഉപയോഗിച്ച് കൃഷി പ്രോത്സാഹിപ്പിക്കുക.

- മാലിന്യസംസ്കരണത്തെ കുറിച്ചുള്ള ശാസ്ത്രീയ രീതികൾ സിലബസിൽ ഉൾപ്പെടുത്തണം.

- വിദ്യാർത്ഥികൾ, പി.ടി.എ, സ്കൂൾ മാനേജ്മെന്റ് കമ്മിറ്റി, സ്കൂളിലെ വിവിധക്ലബ്ബുകൾ എന്നിവയുടെ സംയുക്ത പ്രവർത്തനത്തിലൂടെ സ്കൂളിന്റെ സമീപ പ്രദേശത്ത് ശാസ്ത്രീയ മാലിന്യസംസ്കരണം ഉറപ്പാക്കാനുള്ള ജനകീയ വിദ്യാഭ്യാസ പരിപാടി സംഘടിപ്പിക്കുക.

- എൻ.എസ്.എസ്, എസ്.പി.സി, സ്കൗട്ട് തുടങ്ങി കുട്ടികളുടെ ക്ലബ്ബുകളെ മാലിന്യസംസ്കരണ പ്രവർത്തനത്തിൽ പങ്കാളിയാക്കുക.

## 13. റവന്യൂ വകുപ്പ്

- MCF, RRF, Take a break, FSTP എന്നിവയ്ക്കായി ഭൂമി അടിയന്തിരമായി കണ്ടെത്തി നൽകുക.

- കേരളത്തിലെ ജില്ലാ, താലൂക്ക് റെവന്യൂ ടവറുകൾ, വില്ലേജ് ഓഫീസുകൾ അടിയന്തിരമായി സീറോവേസ്റ്റ് ക്യാമ്പസ്സുകളാക്കി മാറ്റാനും സൗന്ദര്യവൽക്കരണത്തിനും നടപടി സ്വീകരിക്കുക. കൂടുതൽ പൊതുജനങ്ങൾ എത്തുന്ന കേന്ദ്രങ്ങൾ എന്ന നിലയിൽ മാലിന്യസംസ്കരണത്തിന്റെ ശാസ്ത്രീയ രീതികൾ നിയമ നടപടികൾ എന്നിവ സംബന്ധിച്ച് ബഹുജന അറിവിലേക്ക് ബോർഡുകൾ, ചുവരെഴുത്തുകൾ നടത്തുക.

## 14. ഉന്നത വിദ്യാഭ്യാസ വകുപ്പ്

- കോളേജ് ക്യാമ്പസ്സുകളിൽ സമ്പൂർണ്ണ മാലിന്യസംസ്കരണസംവിധാനം ഉണ്ടെന്ന് ഉറപ്പാക്കുക. സീറോ വേസ്റ്റ് ക്യാമ്പസ്സായി ജൂൺ-5-ന് പ്രഖ്യാപിക്കണം.

- ലാബുകളിൽ ഉണ്ടാകുന്ന രാസമാലിന്യങ്ങൾ ശാസ്ത്രീയമായി സംസ്കരിക്കാൻ ക്രമീകരണം ഉണ്ടാക്കുക.

- എൻ.എസ്.എസ്, എൻ.സി.സി, തുടങ്ങിയവയും മറ്റ് വിവിധ ക്ലബ്ബുകളെയും ഏകോപിപ്പിച്ച് ശുചിത്വ

പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുക.

- നാപ്കിൻ vending മെഷീനുകൾ, incinerator സ്ഥാപിക്കണം.

- ജനങ്ങളിൽ ശാസ്ത്രീയ മാലിന്യസംസ്കരണ അവബോധം വളർത്താൻ അനുയോജ്യമായ സാമൂഹ്യവിദ്യാഭ്യാസ പരിപാടിക്ക് നേതൃത്വം നൽകാൻ കുട്ടികളെ സന്നദ്ധമാക്കുക. വ്യാപകമായി പ്രചാരണ പരിപാടികൾ സംഘടിപ്പിക്കാൻ നേതൃത്വം നൽകുക.

- മാലിന്യസംസ്കരണവുമായി ബന്ധപ്പെട്ട വിവിധ സ്റ്റാർട്ട് അപ്പുകൾ തുടങ്ങാൻ കുട്ടികളെ പ്രോത്സാഹിപ്പിക്കുക.

## 15. കൃഷി വകുപ്പ്

- ഫാമുകളിൽ FSTP സ്ഥാപിച്ച് സംസ്കരിച്ച് ലഭിക്കുന്ന വെള്ളവും, വളവും കൃഷിക്ക് ഉപയോഗിക്കുക.

- കാലഹരണപ്പെട്ട രാസവളങ്ങൾ, രാസകീടനാശിനികൾ അതിന്റെ അവശിഷ്ടങ്ങൾ പോലുള്ള അപകടകരമായ മാലിന്യങ്ങളും ശരിയായി സംസ്കരിക്കാൻ ക്രമീകരണം ഫാമുകളിലും വിപണന കേന്ദ്രങ്ങളിലും കർഷക ഭവനങ്ങളിലും ഉണ്ടാക്കുക.

- നടീൽവസ്തുക്കൾ ഉല്പാദിപ്പിക്കാൻ ഉപയോഗിക്കുന്ന പ്ലാസ്റ്റിക് കവറുകൾക്ക് പകരം പ്രകൃതി സൗഹൃദമോ പുനരുപയോഗ സാധ്യമായവയോ പ്രോത്സാഹിപ്പിക്കുക.

- സ്വകാര്യനഴ്സറികളിൽ ഉണ്ടാകുന്ന അജൈവ-ജൈവമാലിന്യങ്ങൾ ശാസ്ത്രീയമായി സംസ്കരിക്കുമെന്ന് ഉറപ്പാക്കുക.

- മണ്ണിൽ അജൈവമാലിന്യങ്ങൾ നിക്ഷേപിക്കുക, കുഴിച്ച് മൂടുക, കത്തിക്കുക എന്നിവ വഴി മണ്ണിനും കൃഷിക്കും ഉണ്ടാകുന്ന ദോഷങ്ങൾ സംബന്ധിച്ച് കർഷകരുടെ ഇടയിൽ ശക്തമായ ബോധവൽക്കരണം നടത്തുക.

## 16. എസ്.സി എസ്.ടി വകുപ്പ്

- എസ്.സി എസ്.ടി സങ്കേതങ്ങളിൽ ജൈവ/അജൈവമാലിന്യസംസ്കരണത്തിന് ശാസ്ത്രീയ സംവിധാനം ഉറപ്പാക്കുക.

- എസ്.സി എസ്.ടി ഹോസ്റ്റലുകളിൽ ശാസ്ത്രീയ മാലിന്യസംസ്കരണസംവിധാനവും ശുചിമുറി സൗകര്യവും ഉറപ്പ വരുത്തണം.

## 17. വൈദ്യുതി വകുപ്പ്

- K S E B ഓഫീസുകളിൽ നിലവിൽ ഉള്ള അപകടകരമായ മാലിന്യങ്ങൾ ശാസ്ത്രീയമായി സംസ്കരിക്കാൻ നടപടി സ്വീകരിക്കുക.

- വൈദ്യുതി ബില്ലിൽ ശുചിത്വ സന്ദേശം ഉൾപ്പെടുത്താനുള്ള നടപടി സ്വീകരിക്കുക.

- ഇലക്ട്രിക് പോസ്റ്റുകളിൽ പരസ്യബോർഡുകൾ സ്ഥാപിക്കുന്നവർക്കെതിരെ നിയമനടപടി സ്വീകരിക്കുക.

## 18. പ്ലാനിംഗ് ബോർഡ്

- തദ്ദേശഭരണസ്ഥാപനങ്ങളുടെ പദ്ധതികളിൽ ഫിനാൻസ് കമ്മിഷൻ ഗ്രാന്റുകൾ, അർബൻ അഗ്ലോമറേഷൻ ഗ്രാന്റ്, തദ്ദേശ ഭരണ സ്ഥാപനത്തിന്റെ വികസന ഫണ്ട് വിഹിതം, സ്വച്ഛ് ഭരത് മിഷൻ ഗ്രാന്റ് എന്നിവ സംയോജിപ്പിച്ച് സമഗ്ര മാലിന്യ സംസ്കരണ പ്ലാൻ തയ്യാറാക്കുന്നുണ്ടെന്ന് ഉറപ്പാക്കുക.

- ജില്ലാ ആസൂത്രണ സമിതികളുടെ നേതൃത്വത്തിൽ ജില്ലാ ശുചിത്വ പ്ലാൻ തയ്യാറാക്കാൻ നേതൃത്വം നൽകുക.

## 19. പരിസ്ഥിതി വകുപ്പ്

- മലിനീകരണ നിയന്ത്രണബോർഡിന്റെ നേതൃത്വത്തിൽ വലിയ തോതിൽ മാലിന്യം ഉണ്ടാക്കുന്ന വ്യാപാര സ്ഥാപനങ്ങളിൽ കൃത്യമായ പരിശോധന നടത്തുക.

- തദ്ദേശഭരണസ്ഥാപനങ്ങൾ ശാസ്ത്രീയ മാലിന്യസംസ്കരണസംവിധാനം ഉറപ്പാക്കിയെന്നും 2016-ലെ ഖരമാലിന്യ പരിപാലന ചട്ടം പാലിക്കുന്നുണ്ടെന്നും പരിശോധിച്ച് ഉറപ്പ് വരുത്തുക.

- നിരോധിത പ്ലാസ്റ്റിക് ഉല്പന്നങ്ങൾ ഉല്പാദിപ്പിക്കുന്ന സംരംഭങ്ങൾ, ഉല്പന്നങ്ങൾ വിറ്റൊഴിക്കുന്ന വൻകിട വ്യാപാരികൾ തുടങ്ങിയവരുടെ പേരിൽ കർശന നടപടി സ്വീകരിക്കുക.

- മാലിന്യസംസ്കരണസംവിധാനങ്ങളുടെ നിർമ്മാണവുമായി ബന്ധപ്പെട്ട് തദ്ദേശഭരണസ്ഥാപനങ്ങൾക്ക് ലഭിക്കേണ്ട അനുമതികൾ താമസംവിനാ നൽകാൻ ക്രമീകരണം ഉണ്ടാക്കുക.

- ശാസ്ത്രീയ മാലിന്യസംസ്കരണവും പരിസ്ഥിതിസംരക്ഷണവുമായി ബന്ധപ്പെട്ട് വ്യാപകമായ പൊതുജന വിദ്യാഭ്യാസത്തിന്, ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾ, പരിസ്ഥിതി സംഘടനകൾ തുടങ്ങിയവയുമായി ബന്ധപ്പെട്ട് വിപുലമായ പരിപാടിക്ക് രൂപം നൽകുക.

## 20. സ്പോർട്സ് വകുപ്പ്

- എല്ലാ നീന്തൽകുളങ്ങളിലും വെള്ളത്തിന്റെ വൃത്തി ഉറപ്പുവരുത്തുക. അതോടൊപ്പം എല്ലാ നീന്തൽകുളങ്ങളിലും ടോയിലറ്റ് സംവിധാനം ഉണ്ടാക്കുക .

- സ്പോർട്സ് ക്ലബ്ബുകളിൽ ശാസ്ത്രീയ മാലിന്യസംസ്കരണത്തെക്കുറിച്ച് അവബോധം സൃഷ്ടിക്കുകയും ക്യാമ്പയിനുകൾ രൂപപ്പെടുത്തുകയും ചെയ്യുക.

- സ്വിമ്മിംഗ്പൂൾ, പരിശീലന കേന്ദ്രങ്ങൾ, തുടങ്ങിയ കായികപരിശീലന സ്ഥലങ്ങളിൽ ബിസ്കറ്റ് / മറ്റ് ആഹാരസാധനങ്ങൾ പായ്ക്ക് ചെയ്തുവന്ന കവറുകൾ, കുടിവെള്ളത്തിന്റെ ബോട്ടിലുകൾ സംഭരിക്കാനുള്ള മിനി എം.സി.എഫ് സംവിധാനം ഉണ്ടെന്ന് ഉറപ്പാക്കുക.

- എല്ലാ പരിശീലന കേന്ദ്രങ്ങളിലും ജൈവമാലിന്യം സംസ്കരിക്കാൻ സൗകര്യം ഉറപ്പാക്കണം.

- സ്പോർട്സ് മീറ്റുകളിൽ ഗ്രീൻ പ്രോട്ടോകോൾ കർശനമായി പാലിക്കുക.

## 21. സാംസ്കാരിക വകുപ്പ്

- സാംസ്കാരിക വകുപ്പിന്റെ കീഴിൽ വരുന്ന വിവിധ പ്രാദേശിക സംഘടനകളെ "എന്റെ മാലിന്യം എന്റെ ഉത്തരവാദിത്വം" എന്ന സന്ദേശം പ്രചരിപ്പിക്കാനും മാലിന്യം ഉറവിടത്തിൽ സംസ്കരിക്കുന്നതും സംബന്ധിച്ച ബഹുജന വിദ്യാഭ്യാസത്തിൽ പങ്കാളിയാക്കുക.

- എല്ലാ സർക്കാർ സാംസ്കാരിക പരിപാടികളിലും ഇതിന്റെ പ്രചാരണം ഉറപ്പുവരുത്തുക.

## 22.സിവിൽ സപ്ലൈസ് വകുപ്പ്

- പാക്കിംഗിനായി നിരോധിത പ്ലാസ്റ്റിക് സാധനങ്ങൾ ഉപയോഗിക്കുന്നില്ലെന്ന് ഉറപ്പ് വരുത്തുക.

- എല്ലാ സ്റ്റോറിലും മാലിന്യം തരംതിരിച്ച് നിക്ഷേപിക്കാനുള്ള ബിന്നുകൾ സ്റ്റോറിലെ ഉദ്യോഗസ്ഥരുടെ ഉത്തരവാദിത്വത്തിൽ സ്ഥാപിക്കുക.

- സിവിൽ സപ്ലൈസ് സ്റ്റോറുകളുടെ മുന്നിൽ മാലിന്യസംസ്കരണ നിയമവശങ്ങൾ - **ശിക്ഷ-സംബന്ധിച്ച ബോർഡുകൾ സ്ഥാപിക്കുക.**

## 23. ഭക്ഷ്യ സുരക്ഷാ വകുപ്പ്

- നിരോധിത പ്ലാസ്റ്റിക് ഉല്പന്നങ്ങൾ ഭക്ഷണശാലകളിലും ഓൺലെയിൻ ഭക്ഷണവിതരണത്തിനും ഉപയോഗിക്കുന്നില്ല എന്ന് ഉറപ്പുവരുത്തുക.

- ഫുഡ് ഗ്രേഡ് പ്ലാസ്റ്റിക്കുകൾ മാത്രം പ്രയോജനപ്പെടുത്തുമെന്ന് ഉറപ്പാക്കുക.

- എല്ലാ ഭക്ഷണശാലകളിലും ജൈവ-അജൈവമാലിന്യം തരംതിരിക്കാനുള്ള സംവിധാനം ഉറപ്പുവരുത്തുക.

- ഭക്ഷണ വ്യാപാരരംഗത്ത് നിൽക്കുന്ന മുഴുവൻ സംരംഭകരേയും മാലിന്യപരിപാലനത്തിൽ ശ്രദ്ധിക്കേണ്ട കാര്യങ്ങളിൽ പരിശീലനം നൽകുക.

## 24. ഐ & പി ആർ ഡി

- 2023-24 വർഷം ശുചിത്വമാലിന്യസംസ്കരണത്തെ മുഖ്യ വിഷയമായി ഏറ്റെടുക്കുക

- എല്ലാ പരസ്യപ്രചാരണങ്ങളിലും മാലിന്യസംസ്കരണത്തെ പറ്റിയുള്ള ടാഗ് ലെയിൻ നൽകുക

- മാലിന്യസംസ്കരണത്തിൽ ജനങ്ങളും, സ്ഥാപനങ്ങളും പാലിക്കേണ്ട കാര്യങ്ങൾ സംബന്ധിച്ച് പ്രചാരണം നടത്തുക.

## 25. മോട്ടോർ വെഹിക്കിൾ വകുപ്പ്

- ടൂറിസ്റ്റ് ബസുകളിൽ മാലിന്യം കൃത്യമായി നിക്ഷേപിക്കാനുള്ള സംവിധാനങ്ങളും ടോയിലറ്റ് സംവിധാനങ്ങളും കൊണ്ടുവരണം.
- ബസ്സുകളിലിരുന്ന് മാലിന്യം പുറത്തേക്ക് വലിച്ചെറിയുന്നവർക്ക് എതിരെ ഡ്രൈവർ/കണ്ടക്ടർക്ക് കേസ്സെടുക്കാൻ നടപടി കൊണ്ടുവരണം.
- ജൈവ/അജൈവമാലിന്യങ്ങൾ തരംതിരിച്ച് നിക്ഷേപിക്കാനുള്ള സംവിധാനം ദീർഘദൂര ബസുകളിൽ ഉറപ്പുവരുത്തണം.

## 26. **ലേബർ** വകുപ്പ്

- തൊഴിലാളി ക്യാമ്പുകളിൽ ടോയിലറ്റ് സംവിധാനങ്ങൾ, മാലിന്യം വേർതിരിക്കാനും ഉറവിടത്തിൽ സംസ്കരിക്കാനും സംവിധാനങ്ങൾ ഉണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.
- എല്ലാ തൊഴിലാളികൾക്കിടയിലും ബോധവൽക്കരണം നടത്തേണ്ടതാണ്.
- മാലിന്യവിപണനം / സ്ക്രാപ് ബിസിനസ് രംഗത്ത് ജോലി ചെയ്യുന്ന തൊഴിലാളികൾക്ക് സുരക്ഷാ-അടിസ്ഥാന സൗകര്യങ്ങൾ ഉണ്ടെന്ന് ഉറപ്പാക്കുക.
- സ്ത്രീ തൊഴിലാളികൾ പണിയെടുക്കുന്ന സ്ഥലങ്ങളിൽ ശുചിത്വമുള്ള ടോയിലറ്റും, സാനിട്ടറിപാഡ് സംസ്കരിക്കാനുള്ള സൗകര്യവും ഉണ്ടെന്ന് ഉറപ്പാക്കുക.
- തൊഴിലിടങ്ങളിൽ ടോയിലറ്റ്, മാലിന്യം വേർതിരിച്ച് സംസ്കരിക്കാൻ സൗകര്യമുണ്ടെന്ന് ഉറപ്പാക്കുക.

## 27. **ഗതാഗതം** വകുപ്പ്

- എല്ലാ കെ.എസ്.ആർ.ടി.സി സ്റ്റാൻഡുകളിലും കച്ചവടം ചെയ്യുന്ന കടകൾക്കു മുന്നിൽ ഉടമസ്ഥർ സ്വന്തം ഉത്തരവാദിത്വത്തിലും കൃത്യമായ മേൽനോട്ടത്തിലും മാലിന്യം വേർതിരിച്ച് നിക്ഷേപിക്കാനുള്ള വേസ്റ്റ് ബിന്നുകൾ സ്ഥാപിക്കേണ്ടതാണ്.
- എല്ലാ വാഹനങ്ങളിലും ശുചിത്വ-മാലിന്യ സംസ്കരണം സംബന്ധിച്ച പരസ്യം.
- അതോടൊപ്പം കെ.എസ്.ആർ.ടി.സി സ്റ്റാൻഡുകളിൽ ടോയിലെറ്റ് സംവിധാനങ്ങളും മാലിന്യം തരംതിരിച്ച് നിക്ഷേപിക്കാനും നിരീക്ഷണ സംവിധാനത്തോടെ സംവിധാനം ഉറപ്പാക്കണം.

## 28. സാമൂഹ്യനീതി വകുപ്പ്

- സർക്കാർ കെയർഹോമുകളിലും സ്വകാര്യ/ സന്നദ്ധ സംഘടനകളുടെ കെയർഹോമുകളിലും ജൈവ/അജൈവമാലിന്യങ്ങൾ തരംതിരിച്ച് സംസ്കരിക്കാനുള്ളസംവിധാനങ്ങൾ,

ടോയ്ലറ്റ്സംവിധാനങ്ങൾ ഉറപ്പുവരുത്തണം.

## 29. ദുരന്തനിവാരണ വകുപ്പ്

- **DM Act** പ്രകാരം മാലിന്യപരിപാലനം ഉറപ്പാക്കുന്നതിനുള്ള ഉത്തരവുകൾ പുറപ്പെടുവിക്കുക
- ദുരന്തനിവാരണത്തിന്റെ ഭാഗമായി നിയോഗിച്ചിട്ടുള്ള സന്നദ്ധപ്രവർത്തകരെ ശാസ്ത്രീയ മാലിന്യപരിപാലന പ്രവർത്തനങ്ങളിൽ പങ്കാളിയാക്കുക.
- ശാസ്ത്രീയ മാലിന്യസംസ്കരണം, മാലിന്യസംസ്കരണസംവിധാനങ്ങളുടെ സുരക്ഷിതമായ നടത്തിപ്പ് എന്നിവയും ദുരന്തനിവാരണവും തമ്മിലുള്ള ബന്ധത്തെക്കുറിച്ച് ബോധവൽക്കരണം നടത്താനുള്ള നടപടി സ്വീകരിക്കുക.

## 30. ജലസേചനം

- ജലാശയങ്ങൾ മലിനമാക്കുന്നവർക്കെതിരെ കർശന നടപടി സ്വീകരിക്കുക.
- കനാലുകൾ, തോടുകൾ, കുളങ്ങൾ മാലിന്യം നീക്കി വൃത്തിയാക്കുക.
- മാലിന്യം തള്ളാൻ സാധ്യതയുള്ള സ്ഥലങ്ങളിൽ ആവശ്യമായ സംരക്ഷണ നിരീക്ഷണ സംവിധാനങ്ങൾ ഉണ്ടാക്കുക.
- ജലാശയ മലിനീകരണം നടത്തുന്നവർക്കെതിരെയുള്ള നിയമനടപടികൾ സംബന്ധിച്ച് വിപുലമായ പ്രചാരണം നടത്തുക.

## 31. വ്യവസായ വകുപ്പ്

- ജൈവ / അജൈവ മാലിന്യങ്ങളുമായി ബന്ധപ്പെട്ട സ്റ്റാർട്ടപ്പുകളെ കൂടുതൽ പ്രോത്സാഹിപ്പിക്കുക
- എല്ലാ വ്യവസായസംരംഭങ്ങളിലും ശാസ്ത്രീയ മാലിന്യസംസ്കരണസംവിധാനം ഉണ്ടെന്ന് ഉറപ്പാക്കുക.
- സർക്കാരിലേക്ക് വാങ്ങുന്ന ഓഫീസ് സാമഗ്രികളിൽ 5 0 % പുന:ചംക്രമണ ഉല്പന്നങ്ങൾ വാങ്ങണമെന്ന പ്രഖ്യാപനം അടിയന്തിരമായി നടപ്പിലാക്കാൻ നടപടി സ്വീകരിക്കുക.
- റീസൈക്ലിംഗ് വ്യവസായങ്ങൾക്ക് വ്യവസായ എസ്റ്റേറ്റുകളിൽ നിശ്ചിത സ്ഥലം ലഭ്യമാക്കുക, അധിക പ്രോത്സാഹനങ്ങൾ നൽകുക.
- ബദൽ ഉൽപ്പന്ന സംരംഭങ്ങൾക്ക് പ്രോത്സാഹനം.

## 32. കുടുംബശ്രീ

- എല്ലാ കുടുംബശ്രീ അയൽക്കൂട്ടങ്ങളിലേയും അംഗങ്ങൾ, അവരുടെ കുടുംബങ്ങളിൽ മാലിന്യം തരംതിരിക്കുന്നു എന്നും, ജൈവമാലിന്യം ഉറവിടത്തിൽ തന്നെ സംസ്കരിക്കുന്നു എന്നും മറ്റ അജൈവമാലിന്യം ഹരിതകർമ്മസേനയ്ക്ക് നൽകുന്നുണ്ടെന്നും ഉറപ്പാക്കുക.

- അയൽക്കൂട്ട പരിധിയിലോ മറ്റ് പ്രദേശങ്ങളിലോ മാലിന്യസംസ്കരണവുമായി ബന്ധപ്പെട്ട നിയമലംഘനങ്ങൾ അതാത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ നോഡൽ ഓഫീസർമാരെ അറിയിക്കേണ്ടതാണ്.

- കുടുംബശ്രീയുടെ കീഴിൽ വരുന്ന എല്ലാ മൈക്രോ സംരംഭങ്ങളിലും ഉല്പാദിപ്പിക്കപ്പെടുന്ന മാലിന്യം ശാസ്ത്രീയമായി തരംതിരിച്ച് സംസ്കരിക്കുന്നുവെന്ന് ഉറപ്പാക്കണം

- കുടുംബശ്രീ ബാലസഭകൾ വഴി മാലിന്യസംസ്കരണത്തിനുള്ള ആശയപ്രചരണം സംഘടിപ്പിക്കുക.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡോ. വി പി ജോയ്
ചീഫ് സെക്രട്ടറി

കോർഡിനേറ്റർ നവകേരളം കർമ്മപദ്ധതി 2

പ്രിൻസിപ്പൽ ഡയറക്ടർ, LSGD, സ്വരാജ് ഭവൻ, തിരുവനന്തപുരം
ഡയറക്ടർ (Urban), LSGD, തിരുവനന്തപുരം

ഡയറക്ടർ (Rural), LSGD, തിരുവനന്തപുരം

എല്ലാ ജില്ലാ കളക്ടർമാർക്കും

എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപന മേധാവികൾക്കും (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
എക്സിക്യൂട്ടീവ് ഡയറക്ടർ,ശുചിത്വ മിഷൻ
എക്സിക്യൂട്ടീവ് ഡയറക്ടർ,കുടുംബശ്രീ
പ്രോജക്ട് ഡയറക്ടർ,കെ എസ്ഡബ്ല്യൂ എം പി
മെമ്പർ സെക്രട്ടറി,കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ്
എക്സിക്യൂട്ടീവ് ഡയറക്ടർ,ഇൻഫൊർമേഷൻ കേരള മിഷൻ
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (A&E) കേരള,തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (G&SSA/E&RSA) കേരള,തിരുവനന്തപുരം
ഡയറക്ടർ(I&PRD),വെബ് & മീഡിയ
സെക്രട്ടറിയേറ്റിലെ എല്ലാ വകുപ്പുകൾക്കും
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
M.k.pradeesh Kumar
Date: 22-05-2023 11:37:10

സെക്ഷൻ ഓഫീസർ

പകർപ്പ്

ബഹു.തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പി.എസ്സ്.ന്

തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ. ക്ക്